# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2126

08.03.2018- ൽ മറുപടിയ്ക്ക്

## സഹകരണ കോൺഗ്രസ്സ് മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി. ഗീത ഗോപി<br>ശ്രീ. കെ. രാജൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈയിടെ നടന്ന സഹകരണ കോൺഗ്രസ്സ്, സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചതെന്ന് വിശദമാക്കാമോ; | (എ) കണ്ണൂരിൽ വച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസിൽ കേരള സഹകരണനയത്തിന്റെ കരട് തയ്യാറാക്കി സഹകരണ കോൺഗ്രസ്സിൽ അവതരിപ്പിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക, സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കുക നിലവിൽ 5 വർഷം കൂടുമ്പോൾ നടത്തിവരുന്ന സഹകരണ കോൺഗ്രസ്സ് 3 വർഷം കൂടുമ്പോൾ നടത്തുക, പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വിവിധങ്ങളായ സേവനം നൽകുന്ന സംഘങ്ങളായി തുടർന്നും പ്രവർത്തിക്കുക, കാർഷിക/കാർഷികാനുബന്ധ വായ്പ ഇപ്പോഴത്തെ 10% എന്നതിൽ നിന്നും അടുത്ത 2 വർഷത്തിനുള്ളിൽ 25% വും തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50% വും ആക്കുക, പാലിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ച് ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾ വഴി പരമാവധി പ്രോത്സാഹനം നൽകുക തുടങ്ങിയ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചു |

കൂടാതെ പലവക സഹകരണ സംഘങ്ങൾക്കായി ഒരു അപ്പെക്സ് സഹകരണ ഫെഡറേഷൻ രൂപീകരിക്കുക, തൊഴിലാളികളെ സംഘടിപ്പിച്ച് അവരെ തൊഴിൽ സഹകരണ സംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരിക, ഉൽപാദനം, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് ഈ സംഘങ്ങളിലൂടെ പരിശീലനം നൽകുകയും ചെയ്യുക, സഹകരണ സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി സ്വയംഭരണാവകാശം നിലനിർത്തിക്കൊണ്ട് പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സാഹചര്യം ഒരുക്കുക തുടങ്ങിയ നിർദ്ദേശങ്ങളും മുന്നോട്ട് വച്ചു

(ബി) സഹകരണ മേഖലയിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി സഹകരണ ആഡിറ്റ് സംവിധാനം ഉടച്ചുവാർക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ട്.

സഹകരണ മേഖലയിലെ സംഘങ്ങളുടെ പ്രവർത്തന വ്യാപ്തി/വളർച്ചയ്ക്കനുസരിച്ചുള്ള ആഡിറ്റർമാരുടെ കുറവ് പരിഹരിക്കുന്നതിനും ആഡിറ്റർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആഡിറ്റിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായ വിധത്തിൽ ആഡിറ്റ് പുന:സംഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആഡിറ്റ് മാന്വൽ പരിഷ്കരണ നടപടികളും പുരോഗമിച്ചുവരുന്നു. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്ന രീതിയിൽ കമ്പ്യൂട്ടർവൽക്കൃത സംഘങ്ങൾ ആഡിറ്റ് ചെയ്യുന്നതിനാവശ്യമായ പരിശീലന പരിപാടികൾ ആഡിറ്റർമാർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ആഡിറ്റർമാർക്ക് ആഡിറ്റ് സംബന്ധമായ പരിശീലനം നൽകുന്നുണ്ട്.

(സി) സഹകരണ കോൺഗ്രസ്സ് എത്ര വർഷം കൂടുമ്പോഴാണ് നടക്കുന്നതെന്നും ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമെന്നും വ്യക്തമാക്കുമോ?

(സി) സഹകരണ കോൺഗ്രസ് നിലവിൽ അഞ്ചുവർഷം കൂടുമ്പോൾ നടത്തി വരുന്നു. കാലാകാലങ്ങളിൽ ഉണ്ടാകുന്ന വിവിധ മാറ്റങ്ങൾക്ക് അനുസൃതമായി സഹകരണ

വകുപ്പിനെയും സഹകരണ മേഖലയേയും ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുക എന്നതാണ് സഹകരണ കോൺഗ്രസ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

**സെക്ഷൻ ഓഫീസർ**